**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5513** **05-07-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; കളിസ്ഥലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സർക്കാരിന്റെ 18.10.2023 തീയതിയിലെ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 61 ആയി ഉൾപ്പെട്ടിട്ടുള്ള നെന്മാറ ജി.ബി.എച്ച്.എസ്.എസ് ഗ്രൗണ്ട് കളിസ്ഥലത്തിന്റെ നിർമ്മാണത്തിനായി നെന്മാറ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 04.03.2024 ലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം നം. എ.ഡി.സി.പി.കെ.ഡി/1308/2022-ഡി.6 പ്രകാരം എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 16.03.2024-ൽ കായിക വകുപ്പ് ഡയറക്ടർ എ3-842/24/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് എം..എൽ.എ യുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രസ്തുത കളിസ്ഥലത്ത് 200 മീ ട്രാക്ക് & ഫീൽഡ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 200 മീ ട്രാക്ക് & ഫീൽഡ് ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. മഡ്കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട് എന്നിവ നിർമ്മിക്കാൻ തീരുമാനിച്ചിരുന്ന പ്രകാരമാണ് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II ൽ ക്രമ നം. 1238 ആയി നെന്മാറ മണ്ഡലത്തിലെ നെന്മാറ ബി.എച്ച്.എസ് കളിസ്ഥലം നിർമ്മാണത്തിനായി 200 ലക്ഷം രൂപ അടങ്കൽ തുക |

| | | | |
|---|---|---|---|
| | | | കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്.<br><br>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ഗ്രൗണ്ടും 2024 - 25 ബഡ്ജറ്റിൽ ഉൾപ്പെട്ട ഗ്രൗണ്ടും ഒരേ ഗ്രൗണ്ട് തന്നെയാണ്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എം.എൽ.എയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട 100 ലക്ഷം രൂപയും ബഡ്ജറ്റിൽ അനുവദിച്ച 200 ലക്ഷം രൂപയും ചേർത്ത് 200 മീ ട്രാക്ക് & ഫീൽഡ് ഉൾപ്പെടുത്തി കൊണ്ടുള്ള മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തിയുള്ള ഘടകങ്ങളും ബാക്കിയുള്ള 200 ലക്ഷം രൂപയ്ക്ക് ശേഷിക്കുന്ന ഘടകങ്ങൾ 2024-25 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയുമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | സർക്കാരിന്റെ 18.10.2023 തീയതിയിലെ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമമ്പർ 61 ആയി ഉൾപ്പെട്ടിട്ടുള്ള നെന്മാറ ജി.ബി.എച്ച്.എസ്.എസ് ഗ്രൗണ്ട് കളിസ്ഥലത്തിന്റെ നിർമ്മാണത്തിനായി നെന്മാറ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 04.03.2024 ലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം നം. എ.ഡി.സി.പി.കെ.ഡി/1308/2022-ഡി.6 പ്രകാരം എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 16.03.2024-ൽ കായിക വകുപ്പ് ഡയറക്ടർ എ3-842/24/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് എം..എൽ.എ യുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രസ്തുത കളിസ്ഥലത്ത് 200 മീ ട്രാക്ക് & ഫീൽഡ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 200 മീ ട്രാക്ക് & ഫീൽഡ് ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല. മഡ്കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട് |

| | | | |
|---|---|---|---|
| | | | എന്നിവ നിർമ്മിക്കാൻ തീരുമാനിച്ചിരുന്ന പ്രകാരമാണ് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II ൽ ക്രമ നം. 1238 ആയി നെന്മാറ മണ്ഡലത്തിലെ നെന്മാറ ബി.എച്ച്.എസ് കളിസ്ഥലം നിർമ്മാണത്തിനായി 200 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്.<br><br>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ഗ്രൗണ്ടും 2024 - 25 ബഡ്ജറ്റിൽ ഉൾപ്പെട്ട ഗ്രൗണ്ടും ഒരേ ഗ്രൗണ്ട് തന്നെയാണ്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എം.എൽ.എയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട 100 ലക്ഷം രൂപയും ബഡ്ജറ്റിൽ അനുവദിച്ച 200 ലക്ഷം രൂപയും ചേർത്ത് 200 മീ ട്രാക്ക് & ഫീൽഡ് ഉൾപ്പെടുത്തി കൊണ്ടുള്ള മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തിയുള്ള ഘടകങ്ങളും ബാക്കിയുള്ള 200 ലക്ഷം രൂപയ്ക്ക് ശേഷിക്കുന്ന ഘടകങ്ങൾ 2024-25 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയുമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ